സാംസ്കാരിക വകുപ്പിന് അനുവദിച്ച ഫണ്ട്

85 (1485) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം ഇക അനുവദിച്ചു ;

(സി) എത്ര ഇക ചെലവഴിച്ചുവെന്നും മിച്ചം എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള വകുപ്പുകൾക്ക് വിവിധ പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ച ഫണ്ട്, ചെലവഴിച്ച ഇക, മിച്ചം എന്നിവ സംബന്ധിച്ചും സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്, നിലീസ് ചെയ്ത ഇക, മിച്ചം എന്നിവ സംബന്ധിച്ചുമുള്ള വിശദാംശം അനുബന്ധം ആയും ചേർത്തിരിക്കുന്നു.*

'വികസന സമന്വയം'

86 (1486) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'വികസന സമന്വയം' എന്ന പേരിൽ സർക്കാർ വാർത്താപത്രിക പുറത്തിറക്കുന്നുണ്ടോ ; ഇതിന്റെ ഉദ്ദേശം വ്യക്തമാക്കാമോ ;

(ബി) ഈ പ്രസിദ്ധീകരണത്തിന്റെ സർക്കുലേഷൻ നടത്തിവരുന്നത് എങ്ങനെയാണ് ;

(സി) ഈ പ്രസിദ്ധീകരണം ഏതെങ്കിലും പ്രമുഖ ദിനപത്രത്തോടൊപ്പം വിതരണം ചെയ്യാൻ സർക്കാർ അനുമതി നൽകിയിരുന്നുവോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇതിനായി താല്പര്യപത്രം ക്ഷണിച്ചിരുന്നുവോ ; വിശദാംശം നൽകാമോ ;

(ഇ) ഏതെല്ലാം പ്രദേശങ്ങളിലാണ് 'വികസന സമന്വയം' ദിനപത്രത്തോടൊപ്പം വിതരണം ചെയ്യിട്ടുള്ളതെന്ന് അറിയിക്കാമോ ; എത്ര കോപ്പി അച്ചടിച്ചുവെന്നും വിതരണം ചെയ്തതെത്രയെന്നുമുള്ള വിവരം ലഭ്യമാണോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly